ട്രഷറി ഫിക്സഡ് ഡിപ്പോസിറ്റുകൾക്ക് ആദായ നികുതി ഈടാക്കുന്ന നടപടി

6 [1723] പ്രൊഫ. എ. ഡി. മൂസ്തഫ :
ശ്രീ. കെ. സുധാകരൻ :
,, ബി. വിജയകുമാർ :
,, എം. മുരളി :
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറികളിലെ ഫിക്സഡ് ഡിപ്പോസിറ്റുകൾക്ക് ആദായനികുതി ഈടാക്കിയ ശേഷമുള്ള തുകയാണോ മടക്കി നൽകാറുള്ളത് ;

(ബി) ഇതിനു നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ആരുടെ നിർദ്ദേശം അനുസരിച്ചാണ് ഇപ്രകാരം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത നടപടി മൂലം ട്രഷറികളിലുള്ള ഫിക്സഡ് ഡിപ്പോസിറ്റിന്റെ എണ്ണവും തുകയും കുറഞ്ഞിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ട്രഷറികളിൽ ഫിക്സഡ് ഡിപ്പോസിറ്റുകൾക്ക് ആദായനികുതി ഈടാക്കിയ ശേഷമല്ല തുകകൾ മടക്കി നൽകുന്നത്. ഒരു സാമ്പത്തിക വർഷം ഒരു ഡിപ്പോസിറ്റിന് നൽകുന്ന പലിശ 5000 രൂപയിൽ അധികമായാൽ പ്രസ്തുത തുകയുടെ 10% ആദായനികുതിയായി ഈടാക്കുന്നുണ്ട്.

(ബി) ആന്റ് (സി) 1961-ലെ ഇൻകംടാക്സ് നിയമം (സെക്ഷൻ 194 എ) പ്രകാരം നിക്ഷേപങ്ങൾക്കു നൽകുന്ന പലിശയിൽ നിന്നും ഇൻകംടാക്സ് ഈടാക്കേണ്ടതാണ്.

(ഡി) കുറഞ്ഞിട്ടില്ല

അന്യ സംസ്ഥാനങ്ങൾക്കുവേണ്ടി സ്വകാര്യ വ്യക്തികളും കമ്പനികളും ലോട്ടറി ടിക്കറ്റ് അടിച്ചു വിൽക്കുന്ന നടപടി

7 [1724] ശ്രീ. എം. എ. വാഹിദ് :
,, പി. ടി. തോമസ് :
,, ഡി. സുഗതൻ :

പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് വിറ്റിരുന്ന അന്യ സംസ്ഥാന ലോട്ടറികളുടെ ടിക്കറ്റുകൾ അച്ചടിച്ചിരുന്നത് ബന്ധപ്പെട്ട അന്യസംസ്ഥാനങ്ങളായിരുന്നോ ;

(ബി) അന്യസംസ്ഥാനങ്ങൾക്കുവേണ്ടിയെന്ന് പറഞ്ഞുകൊണ്ട് ഏതെല്ലാം സ്വകാര്യ വ്യക്തികളും കമ്പനികളും ലോട്ടറി ടിക്കറ്റ് അടിച്ച് വിറ്റിരുന്നു ;

(സി) അത് നിയമവിധേയമാണോ ;

(ഡി) അന്യസംസ്ഥാനങ്ങൾക്കുവേണ്ടി ടിക്കറ്റ് അടിച്ച് വിൽക്കുന്ന എത്ര കമ്പനികളുടേയും വ്യക്തികളുടേയും മേൽ കേസെടുത്തു ; ഇതു സംബന്ധിച്ച കേസിൽ സുപ്രീം കോടതി വിധിയെന്തായിരുന്നു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വിൽപ്പന നടത്തിയിരുന്ന അന്യ സംസ്ഥാന ഭാഗ്യക്കുറികളുടെ ടിക്കറ്റുകൾ അച്ചടിച്ചിരുന്നത് അതത് സംസ്ഥാനത്ത് തന്നെയായിരുന്നു എന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഈ സംസ്ഥാനങ്ങളിൽ നിന്നും ലഭിച്ചിട്ടില്ല.

(ബി) പ്ലേവിൻ, സ്മാർട്ട്വിൻ, അപ്പോളോ ഇന്റർ നാഷണൽ, ബി. എസ്. എന്റർപ്രൈസസ്, ശക്തി ഏജൻസീസ് തുടങ്ങിയ കമ്പനികളാണ് കേരളത്തിൽ അന്യ സംസ്ഥാന ഭാഗ്യക്കുറികൾ വിൽപ്പന നടത്തി വന്നിരുന്നത്.

(സി) സംസ്ഥാന സർക്കാരുകൾ, നേരിട്ട് അല്ലാതെ അച്ചടിക്കുന്ന എല്ലാ ഭാഗ്യക്കുറികളും നിയമവിരുദ്ധമാണ്.

(ഡി) 1998-ലെ കേന്ദ്ര ഭാഗ്യക്കുറി (നിയന്ത്രണ) നിയമം സെക്ഷൻ 4-ലെ നിബന്ധനകൾ ലംഘിച്ച് വിൽപ്പന നടത്തിയ എൺപതോളം ഭാഗ്യക്കുറി ഡീലർമാർക്ക് എതിരെ കേന്ദ്ര നിയമം സെക്ഷൻ 7(3) അനുസരിച്ച് കേസ്സെടുത്തിരുന്നു. ഇത് സംബന്ധിച്ച് മേഘാലയ സർക്കാർ നൽകിയ കോടതിയലക്ഷ്യ കേസിൽ 24-1-2005-ലെ സുപ്രീം കോടതി വിധി പ്രകാരം പരാതിക്കാർക്കെതിരെ ഫയൽചെയ്ത എഫ്. ഐ. ആറിന്മേലുള്ള നടപടിയുടെ ഭാഗമായി പിടിച്ചെടുത്ത ഉപകരണങ്ങൾ തിരിച്ചു നൽകുന്നതിനും മുദ്രവെച്ച സ്ഥാപനങ്ങൾ തുറന്നു നൽകുന്നതിനും ഉത്തരവായി.

നിരോധിച്ച സംസ്ഥാന ഭാഗ്യക്കുറി പുനഃസ്ഥാപിക്കുവാൻ നടപടി

8 [1725] ശ്രീ. ടി. പി. രാമകൃഷ്ണൻ :

„ സാജു പോൾ :

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിരോധിച്ച സംസ്ഥാന ഭാഗ്യക്കുറി പുനഃസ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly